(സി) സ്റ്റാഫ് പാറ്റേൺ പുതുക്കുന്നത് സംബന്ധിച്ച് DHS-ൽ നിന്നും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലേക്ക് ഉടനടി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ സർക്കാർ 25/04/13-ലെ 13344/എം1/2013/ ആകവ എന്ന കത്തിലൂടെ അത്യാവശ്യം വേണ്ട തസ്തികകൾ മാത്രം ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയിലെ അർബുദ വിഭാഗത്തിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി

86 (2637) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അർബുദ വിഭാഗത്തിൽ ഈ വർഷം പുതുതായി എത്ര രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ അർബുദ വിഭാഗത്തിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) രോഗികളുടെ വർദ്ധനവ് പരിഗണിച്ച് അർബുദ വിഭാഗത്തിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 4500 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 7 ഡോക്ടർമാർ സ്ഥിരം തസ്തികയിലും 2 പേർ താത്കാലികാടിസ്ഥാനത്തിലും ജോലി ചെയ്യുന്നു.

(സി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly